പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2275 **27-10-2026-ൽ മറുപടിയ്ക്ക്**

കയർ മേഖലയെ ശക്തിപ്പെടുത്തൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ദീപക് ജോയ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കയർ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

മറുപടി: നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കയറിനൊരു കൈത്താങ്ങ് ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം" പദ്ധതി ആവിഷ്കരിച്ച് കേരളത്തിലെമ്പാടും കയർ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു.

2026 ഓണക്കാലത്ത്, കയർ സംഘങ്ങളിലെ തൊഴിൽരഹിതരായ കയർ തൊഴിലാളികൾക്ക് 2000/- രൂപ വീതം അഡ്വാൻസ് /എക്സ്ഗ്രേഷ്യ ആയി നൽകുന്നതിന് ഒരു കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

സംഘങ്ങൾക്ക് ചകിരിലഭ്യത ഉറപ്പു വരുത്തുന്നതിന് നടപ്പിലാക്കി വരുന്ന 'മെറ്റിരിയൽ ബാങ്ക് ഫോർ കയർ ഫൈബർ' പദ്ധതിക്കായി കയർഫെഡിന് 3.95 കോടി രൂപയും റിവോൾവിംഗ് ഫണ്ട് പദ്ധതിക്കായി കയർഫെഡിന് 7 കോടി രൂപയും കയർ കോർപ്പറേഷന് 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഇതുകൂടാതെ കയർമേഖലയുടെ സമഗ്രപുരോഗതിക്കായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

(ബി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പന വർധിപ്പിക്കുന്നതിനായി വിപണികളിൽ വിലക്കിഴിവ് നൽകുന്നുണ്ടോ;

മറുപടി: കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പന വർധിപ്പിക്കുന്നതിനായി വിപണികളിൽ വിലക്കിഴിവ് നൽകുന്നുണ്ട്.കയർ മേഖലയുടെ സമഗ്ര വികസനവും കയർ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം, കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, പുതിയ വിപണിയിലേയ്ക്കുള്ള ചുവടു മാറ്റം എന്നിവ ലക്ഷ്യമിട്ടു കൊണ്ട് നടപ്പാക്കിയ "കയറിനൊരു കൈത്താങ്ങ് ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം" എന്ന പദ്ധതി പ്രകാരം കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ പൊതു മേഖലാ സ്ഥാപനങ്ങൾ വഴി കയർ ഉൽപ്പന്നങ്ങൾ 50% വിലക്കിഴിവിൽ വിൽപ്പന നടത്തി വരുന്നു. . കൂടാതെ

ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരവും മേൽ സ്ഥാപനങ്ങൾ വഴി കയറും കയർ ഉൽപ്പന്നങ്ങളും കുറഞ്ഞത് 10% വിലക്കിഴിവിൽ വിൽപ്പന നടത്തി വരുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കയർ തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്?

<u>മറുപടി:</u> പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാനം ഉറപ്പാക്കുന്നതിനായി 'വരുമാനം ഉറപ്പാക്കൽ പദ്ധതി' നടപ്പിലാക്കിവരുന്നു. 2026-2027 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം 6 കോടി രൂപ 10 കയർ പ്രോജക്ടുകളിലെ പരമ്പരാഗത കയർ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി അതാത് പ്രോജക്ട് ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2026 ഓണക്കാലത്ത്, കയർ സംഘങ്ങളിലെ തൊഴിൽരഹിതരായ കയർ തൊഴിലാളികൾക്ക് 2000/- രൂപ വീതം അഡ്വാൻസ്/എക്സ്ഗ്രേഷ്യ ആയി നൽകുന്നതിന് ഒരു കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ